LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കുടിവെള്ളം കൊടുക്കുന്ന പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ വർഷം എത്ര പദ്ധതികൾ ആരംഭിച്ചു;

(ബി) എത്ര എണ്ണം പൂർത്തിയാക്കി ജലവിതരണം തുടങ്ങി;

(സി) ഇനിയും പൂർത്തിയാക്കാനുള്ളവ എത്ര;

(ഡി) അവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ വർഷം 651 വാർഡുകളിൽ ശുദ്ധജലമെത്തിക്കുന്നതിന് 43.16 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് ധനാനുമതി നൽകി. പണികൾ ആരംഭിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ ആരംഭിച്ചതും ഇപ്പോൾ പണി നടന്നുവരുന്നതുമായ 48 പ്രധാന പദ്ധതികൾ കൂടി ഈ വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) ലക്ഷ്യമിട്ട 48 പദ്ധതികളിൽ 3 പദ്ധതികൾ പൂർണ്ണമായും, 8 പദ്ധതികൾ ഭാഗികമായും പൂർത്തിയാക്കി ജലവിതരണം ആരംഭിച്ചു. പൂർത്തിയാക്കിയ പദ്ധതികളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.† കൂടാതെ എൻ.സി./പി.സി. ഹാബിറ്റേഷനുകൾക്കുള്ള 31 ചെറിയ പദ്ധതികളും പൂർത്തിയാക്കി.

(സി) മേൽ സൂചിപ്പിച്ച 48 പ്രധാന പദ്ധതികളിൽ 37 പദ്ധതികൾ ഇനിയും പൂർത്തിയാക്കാനുണ്ട്. കൂടാതെ ഭാഗികമായി പൂർത്തിയാക്കിയ 8 പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യാനുണ്ട്.

(ഡി) ഈ പദ്ധതികളിൽ ഭൂരിഭാഗവും ഈ സാമ്പത്തികവർഷവും അടുത്ത സാമ്പത്തികവർഷവുമായി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(1824) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമങ്ങൾ

ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമങ്ങളിൽ കുടിവെള്ളമെത്തിക്കാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഇക്കാര്യത്തിനായി ഇപ്പോൾ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്?

ഉത്തരം

(എ) "2000-ാം മാണ്ടോടെ "എല്ലാവർക്കും കുടിവെള്ളം" എന്ന പദ്ധതി ജല അതോറിറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭത്തോടെ നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശുപാർശ 1998-99 മുതൽ മൂന്നു സാമ്പത്തികവർഷങ്ങളിലായി 128 മേജർ പദ്ധതികളുടെ പൂർത്തീകരണമാണ്. ഇതുവരെ 42 പദ്ധതികൾ പൂർണ്ണമായും 8 പദ്ധതികൾ ഭാഗികമായും പൂർത്തിയാക്കുകയും ചെയ്തുകഴിഞ്ഞു. ശുദ്ധജലം തീരെയില്ലാത്ത 2144 പഞ്ചായത്തു വാർഡുകളിലും ഏതാനും ചെറുകിട പട്ടണങ്ങളിലും വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതികളിൽ നിന്നും പൈപ്പ് ലൈൻ നീട്ടി ഗ്രാമപ്രദേശങ്ങളിൽ 40 എൻ.പി.സി.ഡി.യും പട്ടണപ്രദേശങ്ങളിൽ 70 എൻ.പി.സി.ഡി. യും ശുദ്ധജലം എത്തിക്കാനും പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. ഇതിൽ 651 വാർഡുകളിലായി 453 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികൾക്ക് സാമ്പത്തികാനുമതി നൽകി കഴിഞ്ഞു. മിക്ക പദ്ധതികളുടെയും പണി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനായി എ.ആർ.പി. പദ്ധതികൾക്ക് കേന്ദ്ര ഗവണ്മെന്റിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിന്റെ 35% വർഷംതോറും കളക്ടർമാർക്ക് നൽകിവരുന്നു. വാട്ടർ അതോറിട്ടി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് പഞ്ചായത്ത്, ബ്ലോക്കുകൾ എന്നിവ വഴിയാണ് ഇതിന്റെ പണികൾ നടത്തിവരുന്നത്. "2000 ആണ്ടോടെ എല്ലാവർക്കും കുടിവെള്ളം" എന്ന പദ്ധതി നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് 795.78 കോടി രൂപയും, ഭൂഗർഭ ജലവകുപ്പിന് 67.12 കോടി രൂപയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 560.5 കോടി രൂപയും അടക്കം മൊത്തം 1423.50 കോടി രൂപ ആവശ്യം വരും. പദ്ധതി വിഹിതത്തിനുപുറമെ, ബാങ്കുകളിൽ നിന്നുള്ള വായ്പ, ബോണ്ടുകൾ, ചെറുകിട സമ്പാദ്യ പദ്ധതിയിലൂടെ ഉപഭോക്താക്കളിൽ നിന്നുള്ള കോൺട്രിബ്യൂഷൻ തുടങ്ങിയ മാർഗ്ഗങ്ങളാണ് വിഭവസമാഹരണത്തിന് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നത്.

കൂടാതെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ ഏതാനും നടപടികൾ എടുത്തുവരികയും ചെയ്യുന്നു.(1) പഞ്ചായത്തുകൾക്ക് സ്ഥലമെടുപ്പ് സംബന്ധിച്ച് ലോൺ നൽകാനായി ഒരു റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുവാൻ ശ്രമം നടന്നുവരുന്നു. സ്ഥലമെടുപ്പ് ത്വരിതപ്പെടുത്താൻ ലാന്റ് അക്വിസിഷൻ ആക്ട്, നാഷണൽ ഹൈവെ ഡിപ്പാർട്ട്മെന്റിൽ സ്ഥലമെടുക്കുന്ന മാതൃകയിൽ മാറ്റം വരുത്താനും നടപടി എടുത്തുവരുന്നു. (2) പൈപ്പുകൾ വാങ്ങുന്നതിന് റേറ്റ് കോൺട്രാക്ട് സിസ്റ്റം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പർച്ചേസ് കോൺട്രാക്ടിനുള്ള വാട്ടർ അതോറിറ്റിയുടെ അധികാരപരിധി ഒരു കോടിയിൽ നിന്നും 5 കോടിയായി വർദ്ധിപ്പിക്കാൻ നടപടികൾ പരിഗണിച്ചു വരുന്നു. ഒരു വർഷത്തെ ആവശ്യത്തിന്റെ 15 % പൈപ്പുകൾ സഫർ സ്റ്റോക്കായി സൂക്ഷിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(3) 3 കോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന പദ്ധതികൾക്ക് ഇ.പി.സി.എം. എന്ന കോൺട്രാക്ട് വ്യവസ്ഥ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(4) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ബി) ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഈ പദ്ധതികൾക്കുപുറമെ ലോകബാങ്ക് ധനസഹായത്തോടെ ഗ്രാമീണ ശുദ്ധജല വിതരണത്തിന്റെ നടത്തിപ്പിനായി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു സ്വയംഭരണ സ്വഭാവമുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും തൃശ്ശൂർ മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ നാലു ജില്ലകളിൽ പഞ്ചായത്തിന്റെയും പൊതുജനപങ്കാളിത്തത്തോടെയും പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(1826) മൊകായി ശുദ്ധജല വിതരണ പദ്ധതി

ശ്രീ. സി. മമ്മായിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ മൊകായി ശുദ്ധജല വിതരണ പദ്ധതിയുടെ പണി എന്നാണ് പൂർത്തിയായത്;

(ബി) ഈ പദ്ധതി കമ്മിഷൻ ചെയ്യാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് ഇതുവരെ എത്ര ലക്ഷം രൂപ ചെലവായി എന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിയുടെ ട്രയൽറൺ നടത്തുകയുണ്ടായോ;

(ഇ) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 8/97-ൽ പൂർത്തീകരിച്ച് ഭാഗികമായി കമ്മീഷൻ ചെയ്തു.

(ബി) ലൈൻ ചാർഡ് ചെയ്യുമ്പോൾ പമ്പിംഗ് മെയിനിലും വിതരണ ശൃംഖലയിലുമുള്ള പൈപ്പുകളിലെ ജോയിന്റുകൾ ലീക്ക് ചെയ്യുന്നതാണ് കാലതാമസത്തിന് കാരണം. ലീക്കുകൾ റിപ്പയർ ചെയ്ത് ലൈൻ സ്റ്റെബിലൈസ് ചെയ്തു വരുന്നു.

(സി) 173.29 ലക്ഷം രൂപ

(ഡി) ട്രയൽ റൺ നടത്തി.

(ഇ) 3/2000-ത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(1828) വാണിയംകുളം ശുദ്ധജല പദ്ധതി

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വാണിയംകുളം പഞ്ചായത്തിലെ പ്രദേശങ്ങളിൽ ശുദ്ധജലവിതരണത്തിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ മതിപ്പുതുക എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതിക്ക് ധനസഹായം നൽകുന്നത് ഏതെങ്കിലും ഏജൻസികളാണോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിയുടെ പണി എന്ന് ആരംഭിക്കാനാകും എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly